LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ബോർഡ്

4(*124) ശ്രീ. ആർ. രാജേഷ് :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. കെ. ദാസൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ബോർഡ് നിലവിൽ വന്നുവോ;

(ബി) ബോർഡ് നിലവിൽ വരുന്നതോടെ നഗര-ഗ്രാമ പ്രദേശങ്ങളിലെ പദ്ധതികളുടെ ആസൂത്രണം ഈ ബോർഡിന് കീഴിൽ ആകുമോ; വിശദമാക്കുമോ;

(സി) ബോർഡിന്റെ പ്രവർത്തനം ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതിയെ എത്രത്തോളം നിഷ്പ്രഭമാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) വികേന്ദ്രീകൃത ആസൂത്രണ സംവിധാനങ്ങൾ അട്ടിമറിക്കപ്പെടുന്ന അവസ്ഥ ഇതിലൂടെ സംജാതമാകുന്നുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ; ആയതിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ നിജപ്പെടുത്തുമോ, വിശദമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) കേരള നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിലെ അദ്ധ്യായം II-ൽ ഗസറ്റ് വിജ്ഞാപനം വഴി, സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡ് (State Town and Country Planning Board) രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ബോർഡ് സർക്കാർ ഇതുവരെ രൂപീകരിച്ചിട്ടില്ല.

(ബി) ഇല്ല. സംസ്ഥാന തലത്തിൽ സ്ഥലപര ആസൂത്രണവുമായി ബന്ധപ്പെട്ട ഒരു സ്റ്റേറ്റ് പെർസ്പെക്ടീവ് പ്ലാൻ തയ്യാറാക്കുന്നത് ഈ ബോർഡ് ആയിരിക്കും. സംസ്ഥാന തലത്തിലുള്ള പ്ലാനാണ് സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡ് തയ്യാറാക്കുന്ന സ്റ്റേറ്റ് പെർസ്പെക്ടീവ് പ്ലാൻ. എന്നാൽ, പ്രാദേശിക/തദ്ദേശാസൂത്രണ പ്രദേശതലത്തിലുള്ള മാസ്റ്റർ പ്ലാനുകളും, വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്നത് അതത് നഗരസഭ/ഗ്രാമപഞ്ചായത്ത് തന്നെയാണ്. ടി സാഹചര്യത്തിൽ, നഗരഗ്രാമാസൂത്രണ ബോർഡ് നിലവിൽ വരുന്നതോടെ, നഗര-ഗ്രാമപ്രദേശങ്ങളിലെ പദ്ധതികളുടെ ആസൂത്രണം നഗര-ഗ്രാമാസൂത്രണ ബോർഡിന് കീഴിലാകുമെന്ന് ആശങ്കപ്പെടേണ്ടതില്ല.

(സി) സംസ്ഥാന തലത്തിൽ സ്റ്റേറ്റ് പെർസ്പെക്ടീവ് പ്ലാൻ, ഒന്നിൽ കൂടുതൽ ജില്ലകളുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിനുമേൽ/പ്രദേശത്തിനുവേണ്ടി ഉള്ള പ്ലാൻ എന്നിവയാണ് സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡിന് തയ്യാറാക്കാവുന്ന പ്ലാനുകൾ.

എന്നാൽ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിലെ അദ്ധ്യായം III പ്രകാരം, ഒരു ജില്ലയുടെ പ്രദേശത്തെ സ്ഥലപര ആസൂത്രണവുമായി ബന്ധപ്പെട്ട പെർസ്പെക്ടീവ് പ്ലാൻ തയ്യാറാക്കുന്നത് അതത് ജില്ലാ ആസൂത്രണ കമ്മിറ്റിയായിരിക്കും.

കൂടാതെ ജില്ലയ്ക്കായുള്ള പെർസ്പെക്ടീവ് പ്ലാനിന് അനുസൃതമായി എക്സ്ടികൃഷൻ പ്ലാനുകൾ തയ്യാറാക്കുന്നതും ജില്ലാ ആസൂത്രണ കമ്മിറ്റി തന്നെയായിരിക്കും.

ടി സാഹചര്യത്തിൽ, ടി ബോർഡിന്റെ പ്രവർത്തനം ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതിയെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് കാണാം.

(ഡി) ഇല്ല. സംസ്ഥാനതലത്തിലുള്ള സ്ഥലപരമായ വികസന നയങ്ങളും തന്ത്രങ്ങളും കൈകാര്യം ചെയ്യുന്ന ഒരു സ്റ്റേറ്റ് പെർസ്പെക്ടീവ് പ്ലാൻ തയ്യാറാക്കുക എന്നതാണ് പ്രധാനമായും സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡിന്റെ കർത്തവ്യം. സ്ഥലപരവികസനം/ആസൂത്രണം സംബന്ധമായ കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക, ജില്ലാ ആസൂത്രണ കമ്മിറ്റികൾക്ക് സ്ഥലപരാസൂത്രണവും വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശവും, ഉപദേശവും നൽകുക എന്നതും, പ്ലാനുകളുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെയും, വിവിധ ഏജൻസികളുടെയും സ്ഥലപര ആസൂത്രണ-വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നിവയും ബോർഡിന്റെ ചുമതലകളിൽപ്പെട്ടും.

എന്നാൽ ജില്ലാ ആസൂത്രണ കമ്മിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വികേന്ദ്രീകൃത ആസൂത്രണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെ പ്രതികൂലമായി ബാധിക്കുന്നവിധം ബോർഡിന്റെ ചുമതലകൾ ഉദ്ദേശിച്ചിട്ടില്ല. സ്ഥലപര ആസൂത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ ഓർഡിനൻസിൽ പ്രതിപാദിക്കുന്നത്. സാമൂഹിക-സാമ്പത്തിക ആസൂത്രണം, സാമൂഹിക-സാമ്പത്തിക പ്ലാൻ, പഞ്ചവത്സര പദ്ധതികൾ, വാർഷിക പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട നിലവിലുള്ള വ്യവസ്ഥകൾ തുടരാവുന്നതാണ്. ആയതിലേയ്ക്ക് കടന്നുകയറാൻ ടി ഓർഡിനൻസിലെ വ്യവസ്ഥകൾ ഉദ്ദേശിച്ചിട്ടില്ല. ടി ഓർഡിനൻസ് പ്രകാരം ജില്ലയ്ക്കായി സ്ഥലപര ആസൂത്രണ സമീപനത്തോടെയുള്ള പ്ലാൻ തയ്യാറാക്കേണ്ടത് ഭരണഘടനാസ്ഥാപനമായ ജില്ലാ ആസൂത്രണ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയാണ്. ഒരു നഗരസഭ/ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാനും, വിശദ നഗരാസൂത്രണ പദ്ധതിയോ തയ്യാറാക്കേണ്ടത് ബന്ധപ്പെട്ട നഗരസഭ/ഗ്രാമപഞ്ചായത്ത് തന്നെയാണ്. ആയതിനാൽ വികേന്ദ്രീകൃത ആസൂത്രണ സംവിധാനങ്ങളെ നിർദ്ദിഷ്ട നഗരഗ്രാമാസൂത്രണ ബോർഡ് പ്രതികൂലമായി ബാധിക്കുംവിധമുള്ള വ്യവസ്ഥകൾ ഈ ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടില്ല

സമഗ്ര പച്ചക്കറി വികസന പദ്ധതികൾ

5(*125) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത്;

(സി) ഇത് നടപ്പാക്കാനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പച്ചക്കറിയുടെ തോത് പരമാവധി കുറച്ച് വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിച്ച് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുക എന്ന ലക്ഷ്യമാണ് സമഗ്രപച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുക വഴി ഉദ്ദേശിക്കുന്നത്. പച്ചക്കറിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനും പച്ചക്കറികൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കാനും വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കാനും പദ്ധതി കൊണ്ട് കഴിഞ്ഞിട്ടുണ്ട്. സ്ഥലലഭ്യത കുറഞ്ഞ നഗരത്തിലെ വീടുകളിൽ കുടുംബത്തിന് ആവശ്യമായ പച്ചക്കറികൾ അവരവരുടെ മട്ടുപ്പാവിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനും നഗരവാസികൾക്ക് വിഷവിമുക്തമായ പച്ചക്കറിലഭ്യത ഉറപ്പ് വരുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. കൃഷിക്കാർക്ക് ന്യായമായ വില ലഭ്യമാക്കാനും, തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനും അതുവഴി കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും ഈ പദ്ധതി പ്രയോജനപ്പെടുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly